# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : 183

23-03-2012-ൽ മറുപടിക്ക്

## കേന്ദ്ര വൈദ്യുത നിയമ ഭേദഗതിയും നിരക്ക് വർദ്ധനവും.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ . രാജു എബ്രഹാം.<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. പി. ശ്രീ രാമകൃഷ്ണൻ<br>ശ്രീ. കെ. ദാസൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാന സർക്കാരിൻെറ അനുമതി ഇല്ലാതെ വൈദ്യുതി നിരക്കുകൾ മാറ്റം വരുത്താൻ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾക്ക് അനുവാദം നൽകുന്ന കേന്ദ്ര വൈദ്യുത നിയമ ഭേദഗതി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിൻെറ നിലപാടെന്താണ്; | (എ) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്റ്റിലെ നിബന്ധനകൾ അനുസരിച്ച് വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സ്വതന്ത്ര സ്ഥാപനമാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ. ഇപ്രകാരം വൈദ്യുതി നിരക്കുകൾ നിശ്ചയി ക്കുന്നതിന് റഗുലേറ്ററി കമ്മീഷന് സർക്കാർ അനുമതി വേണം എന്ന് നിയമം അനുശാസിക്കുന്നില്ല. സൂചിപ്പിക്കുന്ന തരത്തിലുള്ള നിയമഭേദഗതി നിലവിൽ വന്നിട്ടില്ല. |
| (ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവ്, സർചാർജ്ജ് എന്നിവ ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ കെ.എസ്.ഇ.ബി. സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ചാർജ്ജ് വർദ്ധനവിനുള്ള സാഹചര്യം വിശദീകരിക്കാമോ; | (ബി) ഉണ്ട്.<br>2007-08, 2009-10 വർഷങ്ങളിൽ താരിഫ് വർദ്ധിപ്പിക്കുന്നതിനും, 2008-09, 2009-10, 2010-11, 2011-12 വർഷങ്ങളിൽ തെർമൽ സർചാർജ്ജ് ആവശ്യപ്പെട്ടു കൊണ്ടും റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. ജല വൈദ്യുത പദ്ധതികൾ, കേന്ദ്ര താപനിലയങ്ങൾ |

എന്നിവയിൽനിന്നും ലഭിക്കുന്ന താരതമേന്യ വിലകുറഞ്ഞ വൈദ്യുതി കേരളത്തിൻെറ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമാവുകയും തൻമൂലം ഏറ്റവും വിലകൂടിയ ഇന്ധനമായ നാഫ്ത, എൽ.എസ്.എച്ച്.എസ്. (LSHS) ഇവ ഉപയോഗിച്ച് കേരളത്തിലെ താപനിലയങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന താപ വൈദ്യുതി ലഭ്യമാക്കേണ്ടത് അനിവാര്യമായി വരികയും ചെയ്ത സാഹചര്യങ്ങളിലാണ് പ്രധാനമായും താരിഫ് വർദ്ധനയും തെർമൽ സർചാർജ്ജും ആവശ്യപ്പെട്ട് കൊണ്ട് കമ്മീഷനെ സമീപ്പിച്ചത്.

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധനവ്, സർചാർജ്ജ് എന്നിവ ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്; എത്ര പ്രാവശ്യം കമ്മീഷൻ ഇതനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താരിഫ് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ കമ്മീഷന് സമർപ്പിച്ചിട്ടില്ല. രണ്ടുപ്രവശ്യം തെർമൽ സർചാർജ്ജ് ആവശ്യപ്പെട്ട് റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്. 165.68 കോടി രൂപ തെർമൽ സർചാർജ്ജ് ആവശ്യപ്പെട്ട് 11.11.2011-ൽ ബോർഡ് സമർപ്പിച്ച അപേക്ഷയിന്മേൽ 20 പൈസ നിരക്കിൽ 161.10 കോടി രൂപ ഏപ്രിൽ 2012 മുതൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ കമ്മീഷൻ അനുവദിച്ചു. 77.89 കോടി രൂപ സർചാർജ്ജ് ആവശ്യപെട്ടുകൊണ്ട് 16.02.2012-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ.